LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തത്തെത്തുടർന്ന് സമാഹരിച്ച തുക

91 [1416] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ന് സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തെ തുടർന്ന് ദുരിത ബാധിതരായ ജനങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സഹകരണ വകുപ്പ് എത്ര തുക ദുരിതാശ്വാസ ഫണ്ടായി സമാഹരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിൽ സഹകരണ സംഘങ്ങൾ നൽകിയ തുക എത്രയെന്നും ജീവനക്കാർ നൽകിയത് എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഈ തുക കൊണ്ട് സഹകരണ വകുപ്പ് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് എത്ര തുക സഹകരണ വകുപ്പ് സമാഹരിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നുമായി 3,96,20,195 രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ സഹകരണ സ്ഥാപനങ്ങളുടെ വിഹിതം 3,49,12,694 രൂപയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിഹിതം 47,07,501 രൂപയുമാണ്.

(ബി) സുനാമി ദുരിത ബാധിത പ്രദേശങ്ങളായ ആലപ്പുഴ, കൊല്ലം, ജില്ലകളിലെ തകർന്നുപോയ ആശുപത്രികളും ഹെൽത്തുസെന്ററുകളും പുനർനിർമ്മിക്കാനും ആശുപത്രി ഉപകരണങ്ങൾ വാങ്ങിനൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

(സി) സഹകരണ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ ജീവനക്കാരിൽ നിന്നുമായി 8,20,073 രൂപ സമാഹരിച്ചു നൽകിയിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനത്തിന് നടപടി

92 [1417] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനത്തിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്;

(സി) അഴീക്കൽ തുറമുഖ വികസനത്തിന് ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) ഈ പദ്ധതികൾക്ക് ഓരോന്നിനും ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വാർഫ് നീളം കൂട്ടൽ, ബ്രേക്ക് വാട്ടറിന്റെ നീളം കൂട്ടൽ, ക്രെയിൻ സ്ഥാപിക്കൽ എന്നീ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;